# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 524 29.01.2019 -ൽ മറുപടിക്ക്

## ചെറുകിട വ്യാപാര മേഖലയെ പരിപോഷിപ്പിക്കാൻ നടപടി

**ചോദ്യം** **ഉത്തരം**

**ശ്രീ. വി. ജോയി**

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി**

<table>
<tr><td>എ)</td><td>സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പരിപോഷിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td><td rowspan="2">എ)<br>&<br>ബി)</td><td rowspan="2">സംസ്ഥാനത്തെ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളെ പരിപോഷിപ്പിക്കുന്നതിനും, അവയുടെ ഉത്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതുൾപ്പെടെയുള്ളവ ലക്ഷ്യമാക്കി ചുവടെ പറയുന്ന പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br>• പശ്ചാത്തല വികസന പദ്ധതികൾ.<br>• സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്).<br>• ഇ.ഡി.ക്ലബ്ബ്.<br>• ഇൻകുബേഷൻ സെന്ററുകൾ.<br>• ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം.<br>• വ്യവസായികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.<br>മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി, ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ. നടത്തി വരുന്നു. സംസ്ഥാന വ്യവസായ നയത്തിൽ പ്രതിപാദിച്ചതനുസരിച്ച് കേരളത്തിലെ എം.എസ്.എം.ഇ, പൊതു മേഖല, പരമ്പരാഗത മേഖല, കുടുംബശ്രീ തുടങ്ങി വിവിധ മേഖലകളിലെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി കണ്ടെത്തി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 'വാണിജ്യ മിഷൻ' രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനം,</td></tr>
<tr><td>ബി)</td><td>സംസ്ഥാനത്തിന്റെ തനതായ ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?</td></tr>
</table>

| | | | |
|---|---|---|---|
| | | | ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തി വരുന്നു. മലബാർ ക്രാഫ്റ്റ്മേള, ദേശീയ അന്തർ ദേശീയ മേളകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുള്ള പദ്ധതി, എം.എസ്.എം.ഇ.കൾക്ക് നൽകുന്ന അവാർഡ് തുടങ്ങിയവ പ്രധാന പദ്ധതികളാണ്. സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ, അഗ്രോ ഫുഡ് പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും, കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ